# 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം: | | |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 3 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തര കാര്യങ്ങൾ)
# (2023-2026)

**ഘടന**

ചെയർപേഴ്സൺ:

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

# 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയച്ച 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ (ബിൽ നമ്പർ-273) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ (ബിൽ നമ്പർ-273) 2025 സെപ്റ്റംബർ 17-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 ഒക്ടോബർ 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 ഒക്ടോബർ 6-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

(i) ഉപഖണ്ഡം (1) പ്രകാരം പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 3-ാം ഉപവകുപ്പിൽ "സർക്കാർ, വിജ്ഞാപന പ്രകാരം രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "വിജ്ഞാപന പ്രകാരം സർക്കാർ രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(ii) (ബി) ഇനത്തിൽ "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നീ വാക്കുകൾക്ക് ശേഷം "ചെയർമാൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iii) (ഡി) ഇനത്തിൽ "സെലക്ട്" എന്ന വാക്കിന് പകരം "നാമനിർദ്ദേശം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(iv) (ഇ) ഇനത്തിൽ അംഗം എന്ന വാക്കിനുശേഷം ചേർത്തിട്ടുള്ള ". " എന്ന ചിഹ്നത്തിന് പകരം " : " എന്ന ചിഹ്നം ചേർക്കേണ്ടതാണ്.

(v) (ഇ) ഇനത്തിനുശേഷം വരുന്ന ദീർഘ വാചകത്തിന് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടുള്ളതല്ല.".

(vi) 2-ാം ഉപഖണ്ഡ പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന (4)-ാം ഉപവകുപ്പിൽ "സമിതി" എന്ന വാക്ക് വരുന്നിടത്തെല്ലാം "സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ബിൽ അനുബന്ധമായി ചേർക്കുന്നു.

**പിണറായി വിജയൻ,**
*ചെയർപേഴ്സൺ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2025 ഒക്ടോബർ 7.

അനുബന്ധം

# 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തുവരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു]

2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ആക്റ്റ് (2021-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11-ാം വകുപ്പിനുള്ള ഭേദഗതി.—2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാലാ ആക്റ്റിലെ 11-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) വിജ്ഞാപന പ്രകാരം സർക്കാർ രൂപീകരിക്കുന്നതും താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതുമായ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിൻമേൽ ചാൻസലർ, വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(എ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും രംഗത്തുനിന്നുള്ള വിദ്യാഭ്യാസ വിചക്ഷണനായ ഒരു അംഗം - കൺവീനർ;

(ബി) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(സി) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും രംഗത്തുനിന്നുള്ള വിദ്യാഭ്യാസ വിചക്ഷണനായ ഒരു അംഗം;

(ഡി) ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന പഠന ഗവേഷണ രംഗത്തു നിന്നുള്ള ഒരു വിദഗ്ദ്ധ അംഗം;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസ രംഗത്തുനിന്നുള്ള ഒരു അംഗം:

എന്നാൽ സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ സർവ്വകലാശാലയുമായോ അതിന്റെ കോളേജുകളുമായോ യാതൊരു വിധത്തിലും ബന്ധപ്പെട്ടവരാകാൻ പാടുള്ളതല്ല..

ഇപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ ആരും തന്നെ സർവ്വകലാശാലയുമായോ അതിലെ കോളേജുകളുമായോ യാതൊരു തരത്തിലും ബന്ധപ്പെട്ട ആളുകൾ ആയിരിക്കുവാൻ പാടുള്ളതല്ല.".

(2) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാധ്യതയുള്ള തീയതിക്ക് കുറഞ്ഞത് മൂന്നുമാസം മുമ്പെങ്കിലും (3)-ാം ഉപവകുപ്പ് പ്രകാരമുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും അപ്രകാരം രൂപീകരിക്കപ്പെടുന്ന സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി ആയത് രൂപീകരിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ വൈസ്-ചാൻസലർ നിയമനത്തിനായി മൂന്ന് പേരുകൾ അടങ്ങുന്ന പാനൽ ഏകകണ്ഠമായോ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലോ തയ്യാറാക്കി ചാൻസലർക്ക് സമർപ്പിക്കേണ്ടതും അപ്രകാരം സമർപ്പിക്കപ്പെടുന്ന പാനലിൽ നിന്നും ഒരാളെ ചാൻസലർ വൈസ്-ചാൻസലറായി നിയമിക്കേണ്ടതുമാണ്.".

(3) (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അദ്ദേഹത്തെ നിയമിക്കപ്പെടുന്ന തീയതി മുതൽ നാല് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് എഴുപത് വയസ്സ് പൂർത്തിയാകുന്ന തീയതി വരെയോ, ഏതാണോ ആദ്യം, അതുവരെയായിരിക്കുന്നതാണ്.".

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 ഒക്ടോബർ 6.

**ഡോ. എൻ. കൃഷ്ണ കുമാർ,**
*സെക്രട്ടറി.*